**പതിനാലാം കേരള നിയമസഭ**
**ഒൻപതാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 854 25.01.2018-ൽ മറുപടിക്ക്

## ചോലനായ്ക്കർ വിഭാഗത്തിന്റെ ക്ഷേമവും സംരക്ഷണവും

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.അബ്ദുൽ ഹമീദ് പി. : | | ശ്രീ. എ.കെ. ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി) | |
| എ) | ചോലനായ്ക്കർ വിഭാഗത്തിൽപ്പെട്ടവരുടെ രക്തം വിദേശത്തേക്ക് കടത്തുന്നതായ വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | എ) | ചോലനായ്ക്കർ വിഭാഗത്തിൽപ്പെട്ടവരുടെ രക്തം വിദേശത്തേയ്ക്ക് കടത്തുന്ന സംഭവം ശ്രദ്ധയിൽ പ്പെട്ടിട്ടില്ല. |
| ബി) | പ്രസ്തുത വിഭാഗത്തിന്റെ ക്ഷേമവും സംരക്ഷണവും ഉറപ്പ് വരുത്തുന്നതിനായി എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കുന്നത് പരിഗണനയിലുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ? | ബി) | 13-ാം ധനകാര്യ കമ്മീഷൻ അവാർഡ് തുക ഉപയോഗിച്ച് പ്രത്യേക ദുർബല ഗോത്ര വിഭാഗത്തിന്റെ ഉന്നമനത്തിനായുള്ള പദ്ധതിയുടെ ഭാഗമായി ചോലനായ്ക്ക വിഭാഗത്തിന്റെ സമഗ്ര വികസനത്തിനുള്ള പദ്ധതി നടപ്പാക്കിയിട്ടുണ്ട്. ഇതു കൂടാതെ ആഴ്ചയിൽ എല്ലാ ബുധനാഴ്ചകളിലും പട്ടിക വർഗ്ഗ വികസന വകുപ്പ്, ആരോഗ്യം, പോലീസ്, എക്സൈസ്, ഫോറസ്റ്റ് എന്നീ വകുപ്പുകൾ ചോലനായ്ക്ക കോളനിയിൽ നേരിട്ടെത്തി ഭക്ഷ്യധാന്യങ്ങൾ, ആഹാരം, മരുന്ന് എന്നിവ നൽകുന്നത് ഉൾപ്പെടെയുള്ള എല്ലാ ക്ഷേമ പ്രവർത്തനങ്ങളും ഉറപ്പാക്കുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**